## 2005 ലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ

പ്രേഷകൻ Praveen Prasad
Prasanth Bhavan
Kariyara (Po)
Punalur - Kollam - 691332

സ്വീകർത്താവ് Public Information Officer
Dte of Social Justice
Vikas Bhavan, 5th Floor, TVM - 695033

**വിഷയം: 2005 ലെ വിവരാവകാശ നിയമം സെക്ഷൻ 6(1) പ്രകാരം Social Justice വകുപ്പിലെ ക്ലാർക്ക് Lower Division Clerk (Re-designated as clerk as per G. (Ms.) No. 120/2013/(138)/Fin. Dated 04.03.2020 തസ്തികയെ കുറിച്ചറിയുന്നതിനുള്ള അപേക്ഷ**

സർ/മാഡം,

**1 a)** ഈ വകുപ്പിന് കീഴിൽ സംസ്ഥാനമൊട്ടാകെ എത്ര LD ക്ലർക്ക് സാങ്ഷന്റ് തസ്തികകൾ നിലവിലുണ്ട്?

**1 b)** ജില്ലതിരിച്ച് വ്യക്തമാക്കുക

**1 c)** ഈ വകുപ്പിന് കീഴിൽ എറണാകുളം ജില്ലയിൽ ഉള്ള ഓഫീസുകളുടെ പേരും വിലാസവും പ്രസ്തുത ഓഫീസുകളിലെ സാങ്ഷന്റ് LDC തസ്തികകളുടെ എണ്ണവും വേർതിരിച്ച നൽകുക.

**1 d)** ഈ വകുപ്പിൽ നിലവിൽ LDC, UDC ഉദ്യോഗസ്ഥരുടെ എണ്ണത്തിൽ 1:1 അനുപാതം പാലിക്കപ്പെട്ടിട്ടുണ്ടോ?

**1 e)** ഈ വകുപ്പിലെ LDC, UDC സാങ്ഷന്റ് തസ്തികകളുടെ എണ്ണം വ്യക്തമാക്കുക.

**2 a)** ഈ വകുപ്പിന് കീഴിൽ എറണാകുളം ജില്ലയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്?

**2 b)** നിലവിലെ ഒഴിവുകളിൽ എത്ര എണ്ണം PSCക്ക് റിപ്പോർട്ട് ചെയ്തു?

**2 c)** PSCക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ എങ്ങനെ നികത്താനാണ് വകുപ്പ് തീരുമാനിച്ചിരിക്കുന്നത്?

**2 d)** ഈ വകുപ്പിൽ എറണാകുളം ജില്ലയിൽ ശൂന്യവേതന അവധി (LWA), പ്രസവ അവധി എന്നിങ്ങനെ 6 മാസത്തിൽ കൂടുതൽ അവധിയിൽ പ്രവേശിച്ച എത്രപേരുണ്ട്? പ്രസ്തുത വേക്കൻസി ചട്ട പ്രകാരം PSCയിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ? ചെയ്തിട്ടുണ്ടെങ്കിൽ ഫയൽ നമ്പർ & തീയതി ലഭ്യമാക്കുക. ചെയ്തിട്ടില്ല എങ്കിൽ കാരണം വ്യക്തമാക്കുക

**3 a)** നിലവിൽ ഈ വകുപ്പിന് കീഴിൽ ആശ്രിത നിയമനം വഴി നിയമനം ലഭിച്ച എത്രപേർ പ്രവർത്തിക്കുന്നുണ്ട്?

**3 b)** തസ്തിക തിരിച്ച് എണ്ണം വ്യക്തമാക്കുക

**3 c)** സ.ഉ (പി) നം.12/1999 / ഉ.ഭ.പ.വ തീയതി 24.05.1999, OP (KAT) 25/2019 തീയതി 10.4.2019 എന്നീ ഉത്തരവുകൾ പ്രകാരമുള്ള 5% തന്നെയാണോ താങ്കളുടെ വകുപ്പിലെ ആശ്രിത നിയമനത്തിന്റെ ശതമാനം?

**4)** ഈ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തൊട്ടാകെയും എറണാകുളം ജില്ലയിലും താഴെ പറയുന്ന കാലയളവിൽ LD ക്ലർക്ക് തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്?

**4 a)** 2023 ജനുവരി 1 മുതൽ 30 Apr 2023 വരെ

**4 b)** 2022 കലണ്ടർ വർഷം

**4 c)** 2021 കലണ്ടർ വർഷം

**5)** ഈ വകുപ്പിൽ സംസ്ഥാനത്തൊട്ടാകെയും എറണാകുളം ജില്ലയിലും PSC മുഖേന നേരിട്ട് LD ക്ലർക്കായി നിയമനം നടത്തിയവരുടെ എണ്ണം

മേൽപ്പറഞ്ഞത്, ചോദ്യങ്ങൾ 4 a), 4 b), 4 c) എന്നീ കാലയളവ് തിരിച്ച് നൽകുക.

**6)** ഈ വകുപ്പിൽ സംസ്ഥാനത്തൊട്ടാകെയും എറണാകുളം ജില്ലയിലും ആശ്രിത നിയമനം വഴി LD ക്ലർക്കായി നിയമനം നടത്തിയവരുടെ എണ്ണം

മേൽപ്പറഞ്ഞത്, ചോദ്യങ്ങൾ 4 a), 4 b), 4 c) എന്നീ കാലയളവ് തിരിച്ച് നൽകുക.

**7)** ഈ വകുപ്പിൽ എറണാകുളം ജില്ലയിൽ LPE സീനിയോറിറ്റി ലിസ്റ്റിൽ നിന്നും LD ക്ലർക്കായി നിയമനം നടത്തിയവരുടെ എണ്ണം

മേൽപ്പറഞ്ഞത്, ചോദ്യങ്ങൾ 4 a), 4 b), 4 c) എന്നീ കാലയളവ് തിരിച്ച് നൽകുക.

**8 a)** ഈ വകുപ്പിൽ എറണാകുളം ജില്ലയിൽ വകുപ്പുതല ബൈ ട്രാൻസ്ഫർ ലിസ്റ്റിൽ നിന്നും LD ക്ലർക്കായി നിയമനം നടത്തിയവരുടെ എണ്ണം

മേൽപ്പറഞ്ഞത്, ചോദ്യങ്ങൾ 4 a), 4 b), 4 c) എന്നീ കാലയളവ് തിരിച്ച് നൽകുക.

**8 b)** സ.ഉ (പി) 1/14/ഉ.ഭ.പ.വ, സ.ഉ (പി) 21/2014/ഉ.ഭ.പ.വ എന്നീ ഉത്തരവുകൾ പ്രകാരം ഈ വകുപ്പിലെ LD ക്ലർക്ക് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനത്തിലേക്ക് വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ നല്കിയ നിയമനം, വകുപ്പിലെ മൊത്തം sanctioned strengthന്റെ 10%ൽ എത്തിച്ചേർന്നിട്ടുണ്ടോ? ഇല്ലെങ്കിൽ, നിലവിൽ എത്ര പേർ / എത്ര ശതമാനം ജോലി ചെയ്യുന്നുണ്ട്? വകുപ്പിലെ sanctioned strengthന്റെ 10%ൽ എത്തിച്ചേരാൻ ഇനി എത്ര ടേണുകൾ ബാക്കിയുണ്ട്?

**9)** ഈ വകുപ്പിൽ എറണാകുളം അന്തർജില്ലാ ട്രാൻസ്ഫർ വഴി LD ക്ലർക്കായി നിയമനം നടത്തിയവരുടെ എണ്ണം

മേൽപ്പറഞ്ഞത്, ചോദ്യങ്ങൾ 4 a), 4 b), 4 c) എന്നീ കാലയളവ് തിരിച്ച് നൽകുക.

**10)** ഈ വകുപ്പിൽ എറണാകുളം ജില്ലയിൽ അന്തർവകുപ്പ് ട്രാൻസ്ഫർ വഴി LD ക്ലർക്കായി നിയമനം നടത്തിയവരുടെ എണ്ണം

മേൽപ്പറഞ്ഞത്, ചോദ്യങ്ങൾ 4 a), 4 b), 4 c) എന്നീ കാലയളവ് തിരിച്ച് നൽകുക.

**11)** ഈ വകുപ്പിൽ എറണാകുളം ജില്ലയിൽ എത്ര റിലീവിംഗ് വേക്കൻസികൾ ഉണ്ടായിട്ടുണ്ട്?

മേൽപ്പറഞ്ഞത്, ചോദ്യങ്ങൾ 4 a), 4 b), 4 c) എന്നീ കാലയളവ് തിരിച്ച് നൽകുക

**12 a)** ഈ വകുപ്പിൽ എറണാകുളം ജില്ലയിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് LD ക്ലർക്കായി നിയമനം നടത്തിയവരുടെ എണ്ണം

മേൽപ്പറഞ്ഞത്, ചോദ്യങ്ങൾ 4 a), 4 b), 4 c) എന്നീ കാലയളവ് തിരിച്ച് നൽകുക.

**12 b)** ഈ വകുപ്പിൽ എറണാകുളം ജില്ലയിൽ സൂപ്പർ ന്യൂമററി തസ്തികകളിൽ നിന്നും റെഗുലറൈസ് ചെയ്തവരുടെ എണ്ണം

മേൽപ്പറഞ്ഞത്, ചോദ്യങ്ങൾ 4 a), 4 b), 4 c) എന്നീ കാലയളവ് തിരിച്ച് നൽകുക.

**12 c)** ഈ വകുപ്പിൽ എറണാകുളം ജില്ലയിൽ നിലവിൽ സൂപ്പർ ന്യൂമററി ആയി ക്ലറിക്കൽ തസ്തികയിൽ എത്ര പേർ പ്രവർത്തിക്കുന്നുണ്ട്? അവരുടെ എണ്ണം, പേര്, ഇപ്പോൾ പ്രവർത്തിക്കുന്ന ഓഫീസ് എന്നീ വിവരങ്ങൾ നല്കുക.

**13 a)** ഈ വകുപ്പിൽ എറണാകുളം ജില്ലയിൽ ആശ്രിത നിയമനത്തിനായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് LD ക്ലർക്കായി നിയമനം നടത്തിയവരുടെ എണ്ണം

മേൽപ്പറഞ്ഞത്, ചോദ്യങ്ങൾ 4 a), 4 b), 4 c) എന്നീ കാലയളവ് തിരിച്ച് നൽകുക.

**13 b)** ചോദ്യം 13 a) യിൽ ഉൾപ്പെട്ടവരിൽ എറണാകുളം ജില്ലയിൽ റെഗുലറൈസ് ചെയ്തവരുടെ എണ്ണം

മേൽപ്പറഞ്ഞത്, ചോദ്യങ്ങൾ 4 a), 4 b), 4 c) എന്നീ കാലയളവ് തിരിച്ച് നൽകുക.

**14)** ഈ വകുപ്പിൽ എറണാകുളം ജില്ലയിൽ എത്ര HQ fresh, HQ compensation വേക്കൻസികൾ ഉണ്ടായിട്ടുണ്ട്?

മേൽപ്പറഞ്ഞത്, ചോദ്യങ്ങൾ 4 a), 4 b), 4 c) എന്നീ കാലയളവ് തിരിച്ച് നൽകുക

**15 a)** ഈ വകുപ്പിൽ എറണാകുളം ജില്ലയിൽ നിലവിലുള്ള സാങ്ഷന്റ് LD ക്ലർക്ക് തസ്തികയിൽ താൽക്കാലിക / ദിവസവേതന / കരാർ നിയമനം നടത്തിയിട്ടുണ്ടോ?

**15 b)** ഉണ്ടെങ്കിൽ നിയമന രീതിയും കാലയളവും വ്യക്തമാക്കുക

**15 c)** ചോദ്യം 15 a) പ്രകാരം നിയമിച്ചവരെ റെഗുലറൈസ് / സ്ഥിരപ്പെടുത്തിയവരുടെ വിവരങ്ങൾ (പ്രോസസിംഗ് നടന്ന തീയതി, സ്ഥാപനം, ലഭിച്ച ആളിന്റെ പേര് വിവരങ്ങൾ) നൽകുക.

**16 a)** ഈ വകുപ്പിൽ എറണാകുളം ജില്ലയിൽ LD ക്ലർക്ക് സാങ്ഷന്റ് തസ്തികയിൽ 2021 ഓഗസ്റ്റ് 5 മുതൽ 30 APR 2023 വരെ ജോലി ചെയ്തിരുന്ന എത്ര ജീവനക്കാർക്ക് ഉന്നത തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്?

**16 b)** ചോദ്യം 16 a) പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച LD ക്ലർക്ക് തസ്തികയിലെ ഒഴിവുകൾ എത്രയെണ്ണം PSCക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്?

**16 c)** മേൽപ്പറഞ്ഞ 16 a) ഒഴിവുകൾ (സ്ഥാനക്കയറ്റം വഴി ലഭിച്ച ഒഴിവുകൾ) PSCക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ അത് ഏത് ആവശ്യത്തിന് മാറ്റിവെച്ചിരിക്കുന്നതാണ് എന്നും പ്രസ്തുത ഒഴിവുകൾ എങ്ങനെ നികത്താനാണ് വകുപ്പ് തീരുമാനിച്ചിരിക്കുന്നത് എന്നും വ്യക്തമാക്കുക.

**17)** നം.ഉപ.സി.3/100/2022 ഉ.ഭപ.വ തീയതി 08/11/2022 സർക്കാർ ഉത്തരവ് പ്രകാരം 2023 ജനുവരി 1 മുതൽ 2023 ഡിസംബർ 31 വരെ ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ PSCക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട ഫയൽ നമ്പർ / റിപ്പോർട്ട് ചെയ്ത തീയതി എന്നിവ ലഭ്യമാക്കുക?

**18 a)** ഈ വകുപ്പിന് കീഴിൽ എറണാകുളം ജില്ലയിൽ 2021 ഓഗസ്റ്റ് 5 മുതൽ 30 APR 2023 വരെ വിരമിച്ചവരുടെ ഒഴിവ് PSCക്ക് റിപ്പോർട്ട് ചെയ്തോ? ചെയ്തെങ്കിൽ ഫയൽ നമ്പർ / റിപ്പോർട്ടിങ് തീയതി നല്കുക.

**18 b)** ചോദ്യം 18 a) പ്രകാരം റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ അത് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുക.

18 c) 01 May 2023 മുതൽ 31 Jul 2025 വരെ ഈ വകുപ്പിൽ നിന്ന് വിരമിക്കാൻ പോകുന്ന മിനിസ്റ്റീരിയൽ ജീവനക്കാരുടെ പേര്, തസ്തിക, വിരമിക്കൽ തീയതി, ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസ് എന്നിവ പട്ടികയായി നല്കുക.

**19 a)** ഈ വകുപ്പിൽ സംസ്ഥാനമൊട്ടാകെ എത്ര ക്ലർക്ക് ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ് ക്ലർക്ക് സാങ്ഷന്റ് തസ്തികകൾ ഉണ്ട്? ജില്ല തിരിച്ച് വ്യക്തമാക്കുക

**19 b)** ഈ വകുപ്പിൽ എറണാകുളം ജില്ലയിൽ എത്ര ക്ലർക്ക് ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ് ക്ലർക്ക് നിലവിൽ ജോലി ചെയ്യുന്നുണ്ട്? ഇവരുടെ പേര്, ജോലിയിൽ പ്രവേശിച്ച തീയതി, ജോലിചെയ്യുന്ന ഓഫീസിന്റെ പേര് എന്നിവ വ്യക്തമാക്കുക

**19 c)** ചോദ്യം 19 b) ൽ പരാമർശിച്ചവരിൽ G.O.(P)No.20/90/P&ARD പ്രകാരം ക്ലർക്ക് ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ് ക്ലർക്കിൽ നിന്നും LDCയിലേക്ക് തസ്തിക മാറ്റത്തിനായി willingness നൽകിയവരുടെ പേരും willingness നൽകിയ തീയതിയും വ്യക്തമാക്കുക

**19 d)** മേൽപ്പറഞ്ഞ പ്രകാരം കാറ്റഗറി ചെയ്ഞ്ചിനായി ഒരു കലണ്ടർ വർഷം ഈ വകുപ്പിൽ ഉണ്ടാകുന്ന LDC വേക്കൻസികളുടെ എത്ര ശതമാനമാണ് നീക്കിവെക്കുന്നത്? ഇത് പരാമർശിക്കുന്ന G.O ഉണ്ടെങ്കിൽ G.O നമ്പറും ആയതിന്റെ പകർപ്പും ലഭ്യമാക്കുക

**20 a)** 2021 ഓഗസ്റ്റ് 5 മുതൽ ____________________ വരെ ഈ വകുപ്പിലോ വകുപ്പിന് കീഴിലെ മറ്റ് ഓഫീസുകളിലോ എറണാകുളം ജില്ലയിൽ വർക്കിങ് അറേഞ്ച്മെന്റിനായി ഉദ്യോഗസ്ഥരെ

നിയമിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ, അവരുടെ എണ്ണമെത്ര? നിലവിൽ പ്രവർത്തിക്കുന്ന ഓഫീസ്, അവരുടെ മാതൃ ഓഫീസ് എന്നിവ നല്കുക.

**20 b)** ഈ വകുപ്പിലെ ഒഴിവുകൾ പുതിയ ക്ലറിക്കൽ റാങ്ക് പട്ടികയിൽ നിന്നും നികത്തിയ ശേഷം വർക്കിങ് അറേഞ്ച്മെന്റിൽ വന്നവരെ അവരുടെ മാതൃ സ്ഥാപനത്തിലേക്ക് തിരിച്ചയച്ചോ? അയച്ചില്ലെങ്കിൽ, അവരുടെ എണ്ണം, പേര്, തിരികെ അയക്കാത്തതിന്റെ കാരണം എന്നിവ വ്യക്തമാക്കുക.

മുകളിൽ നല്കിയ ചോദ്യങ്ങൾക്ക് 2005 ലെ വിവരാവകാശ നിയമപ്രകാരം വ്യക്തമായ മറുപടി നൽകണമെന്ന് അപേക്ഷിക്കുന്നു.

എല്ലാം തന്നെ വിവരാവകാശ നിയമപ്രകാരം പരസ്യപ്പെടുത്തേണ്ട പൊതുവിവരങ്ങൾ ആയതിനാലും, പ്രസ്തുത വിവരങ്ങൾ താങ്കളുടെ ഓഫീസിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന രീതിയിൽ വിവരാവകാശ നിയമം 4(a) പ്രകാരം സൂക്ഷിച്ചു വച്ചിരിക്കേണ്ട വിവരങ്ങൾ ആയതിനാൽ, വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല മുതലായ സാങ്കേതിക പ്രശ്നങ്ങൾ കാണിച്ച് വിവരങ്ങൾ നിഷേധിക്കരുതെന്ന് അപേക്ഷിക്കുന്നു.

ആവശ്യപ്പെടുന്ന വിവരങ്ങൾ ഏതെങ്കിലും ആവശ്യപ്പെടുന്ന രീതിയിൽ ലഭ്യമല്ല എങ്കിൽ ലഭ്യമായ രീതിയിൽ നൽകേണ്ടതാണ്. വിവരങ്ങൾ ലഭിക്കാനും പകർപ്പുകൾ എടുക്കാനും വേണ്ടിവരുന്ന അധിക തുക എങ്ങനെ കണക്കുകൂട്ടി എന്നും എപ്രകാരമാണ് അടക്കേണ്ടതെന്നും (ചെല്ലാൻ വഴിയാണ് അടക്കേണ്ടതെങ്കിൽ ഹെഡ് ഓഫ് അക്കൗണ്ട് നൽകുക) മറുപടിയിൽ വ്യക്തമാക്കേണ്ടതാണ്.

വിവരങ്ങൾ തപാൽ മുഖേന ലഭ്യമാക്കേണ്ടതാണ്. വിവരങ്ങൾ നേരിട്ടുവന്ന് പരിശോധിക്കുവാൻ അപേക്ഷകന് സാധിക്കുകയില്ല എന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്) [signature]

സ്ഥലം – Punalur

തീയതി – 29/04/2023

പേര് – Praveen Prasad

डाक सेवार्थ

On Postal Service

प्रेषक डाकघर की नाम-मोहर

Name-stamp of office of posting

Praveen Prasad

Prasanth Bhavan

Karyara (P.O)

पिन/PIN 691332

GCPT. 105/2353/2018/35,00,000/S-3.

आर०पी०—54/R. P.-54

# भारतीय डाक विभाग

# DEPARTMENT OF POSTS, INDIA

## प्राप्ति स्वीकृति/ACKNOWLEDGEMENT

रजिस्ट्री-पत्र/पार्सल प्राप्त हुआ

Received Registered Letter/Parcel/ ____________________

| क्रमांक/No. | तारीख/Dated | का/of |
|---|---|---|

*अनावश्यक को काट दिया जाए

*Strike out if not relevant

*बीमे का मूल्य रूपयों में ____________________

*Insured for Rupees ____________________

पाने वाले ____________________

Addressed to ____________________

____________________

की/on ____________________

वितरण डाकघर की तारीख-मोहर

Date-stamp of office of delivery

हस्ताक्षर और नाम/Signature and Name